# മൺമറഞ്ഞുപോയ മഹാനഗരങ്ങൾ ③

• സ്നേമ്യ മാഹിൻ ഷമീർ

ലോകത്തിലെ ആദ്യകാല നാഗരികത കളായിരുന്ന മൺമറഞ്ഞ നഗരങ്ങളെപ്പറ്റിയുള്ള മൂന്നാം ഭാഗം വായിക്കൂ...




## ഗ്രേറ്റ് സിംബാബ്‌വേ (Great Zimbabwe)

സിംബാബ്‌വേ എന്നാൽ 'വലിയ കല്ല് വീട്' എന്നാണർത്ഥം. പുരാതന ആഫ്രിക്കൻ സാമ്രാജ്യമായിരുന്ന സിംബാബ്‌വേ സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു ഗ്രേറ്റ് സിംബാബ്‌വേ. ഇന്ന് അവിടെ ചെന്നാൽ കാണാൻ സാധിക്കുക തകർന്നടിഞ്ഞ ഒരു വലിയ കോട്ടയുടെ ഭാഗങ്ങളാണ്. ഷോണാ



*സിംബാബ്‌വേയിലെ ഭീമൻ മതിൽ*

കോട്ടയുടെ അവശിഷ്ടങ്ങളോരോന്നും പ്രത്യേകമായൊരു ഘടനയിലാണ് കാണപ്പെട്ടത്. മുന്നൂറോളം വ്യത്യസ്തമായ കല്ലുകളുടെ ഘടനകൾ ഇവിടെ നിന്ന് കണ്ടെടുത്തു. യാതൊരു കുമ്മായക്കൂട്ടുകളും കൂടാതെ ഒന്നിനു മേൽ മറ്റൊന്ന് നിരത്തിയാണ് മതിൽ നിർമിച്ചിരുന്നത്.

▸▸ ഐ.എസ്.ആർ.ഒ യുടെ ചെയർമാൻ– ഡോ.കെ ശിവൻ

ഭാഷയിലെ 'സിംബറെമാബെ'എന്ന വാക്കിൽ നിന്നാണ് തലസ്ഥാനനഗരിക്ക് ആ പേരു ലഭിച്ചത്.

സിംബാബ്‌വേയിൽ നിന്ന് കണ്ടെത്തിയ കോട്ടയിലെ അവശിഷ്ടങ്ങൾ അവ എട്ടാം നൂറ്റാണ്ടിലേതാണെന്ന് പറയുന്നു. പതിമൂന്നാം നൂറ്റാണ്ടിനും പതിനഞ്ചാം നൂറ്റാണ്ടിനും ഇടയിൽ സിംബാബ്‌വേ ഭരിച്ചിരുന്നത് ഷോണാ വംശമായിരുന്നു. സ്വർണഖനനമായിരുന്നു അവരുടെ മുഖ്യതൊഴിൽ.

സിംബാബ്‌വേയിലെ ഭീമൻ മതിലിനു 250 മീറ്റർ നീളമുണ്ടായിരുന്നു. പുറംഭിത്തിക്ക് 10 മീറ്റർ ഉയരവും. അകത്തേക്ക് പ്രവേശിക്കാനുള്ള ഇടുങ്ങിയതും നേർത്തതുമായ മൂന്ന് വിടവുകളാണ് മതിലുകളെ തരം തിരിച്ചിരുന്നത്. മതിലിനകത്ത് മണ്ണ് കൊണ്ടുണ്ടാക്കിയ ചെറിയ ചെറിയ കെട്ടിടങ്ങൾ ഉണ്ടായിരുന്നു.

പത്തു മീറ്ററോളം ഉയരത്തിലുള്ള ത്രികോണാകൃതിയിലുള്ള ഒരു ടവറും നിലനിന്നിരുന്നു. രസകരമായൊരു വസ്തുത ഇതിനകത്തേക്ക് പ്രവേശിക്കുന്ന വിദ്യ ആർക്കും അറിയില്ല എന്നതാണ്.

എന്തിനാണത് ഉപയോഗിച്ചിരുന്നതെന്നു പോലും അജ്ഞാതമാണ്. ഒരു ധാന്യസംഭരണശാലയുടെ രൂപത്തിലായതിനാൽ ചിലപ്പോൾ വിളവെടുപ്പുത്സവവുമായി അതിന് ബന്ധമുണ്ടായിരിക്കാം എന്ന് അനുമാനിക്കുന്നു.

## എൽ ഡൊറാഡോ
## (El Dorado)

കൊളംബിയയിലെ അതിമനോഹരമായ ഗ്വാട്ടാവിറ്റ തടാകം. പുറമേക്ക് ശാന്തമായി തോന്നുമെങ്കിലും ലോകത്തെ അതിസാഹസികരെ മുൾമുനയിൽ നിർത്തിയ കഥയാണ് ഈ തടാകത്തിനടിയിൽ ഉറങ്ങിക്കിടക്കുന്നത്. ചിബ്ഷാ എന്ന ഭാഷ സംസാരിക്കുന്ന മുസ്ക എന്ന ജനവിഭാഗം തങ്ങളുടെ പുതിയ രാജാവിനെ അവർ തെരഞ്ഞെടുക്കുന്നത് വിചിത്രമായ ആചാരരീതികൾ കൊണ്ടാണ്. രാജാവ് ദേഹമാസകലം സ്വർണം പൂശി സ്വർണനിർമിതമായ വസ്തുക്കൾ കൈയിലേന്തി തടാകത്തിലേക്ക് ഇറങ്ങിച്ചെല്ലും.

സ്വർണാഭരണവസ്തുക്കൾ തടാകത്തിൽ ഉപേക്ഷിക്കുകയും ദേഹത്തെ സ്വർണം വെള്ളത്തിൽ കഴുകിക്കളയുകയും ചെയ്യും. ഗ്വാട്ടാവിറ്റ അവരുടെ വിശുദ്ധ തടാകമായിരുന്നു. അതിനടിയിൽ വസിക്കുന്ന സർപ്പദൈവത്തെ പ്രീതിപ്പെടുത്താനായിരുന്നു വിചിത്രമായ ഈ ചടങ്ങ്. കാലക്രമത്തിൽ വൻ സ്വർ

1595-ൽ വാൾട്ടർ റെയ്ഫ് (Walter Raleigh) എന്ന ഇംഗ്ലണ്ടുകാരൻ എൽ ഡൊറാഡോയെ തേടി ഒറിനോകോ (Orinoco) നദിക്കരയിലെത്തിച്ചേർന്നു. മനാവ എന്ന നഗരമാണ് എൽ ഡൊറാഡോയെന്നാണ് അദ്ദേഹം ധരിച്ചത്.



*ഗ്വാട്ടാവിറ്റ തടാകം*

▸▸ യു.എന്നിൽ പാടാൻ അവസരം ലഭിച്ച ഇന്ത്യൻ ഗായിക– എം.എസ് സുബ്ബലക്ഷ്മി

ണശേഖരം തന്നെ ഇതിനടിയിൽ രൂപം കൊണ്ടു. സ്വർണം കുമിഞ്ഞുകൂടിയ ആ തടാകത്തിനു ചുറ്റുമുണ്ടായിരുന്ന നഗരമായിരുന്നു എൽ ഡൊറാഡോ.

എൽ ഡൊറാഡോയെക്കുറിച്ചുള്ള കഥകൾ കാലങ്ങളായി കേട്ടിരുന്നെങ്കിലും സൗത്ത് അമേരിക്കയിലെ ഈ മോഹനഗരം യൂറോപ്യന്മാർക്ക് ഒരു കിട്ടാക്കനിയായിരുന്നു. സ്വർണനഗരം തേടിയുള്ള യാത്രക്കിടയിൽ ആയിരക്കണക്കിന് ജീവനുകളാണ് പൊലിഞ്ഞത്. പലരും പാതിവഴിയിൽ ശ്രമം ഉപേക്ഷിച്ച് മടങ്ങി.

രണ്ടു നൂറ്റാണ്ടോളം തുടർന്ന ഖനനങ്ങൾക്കും പര്യവേക്ഷണങ്ങൾക്കും ഒടുവിൽ സ്പാനിഷുകാരാണ് കൊളംബിയയിലെ ഗ്വാട്ടാവിറ്റ തടാകം കണ്ടെത്തിയത്. 1804-ൽ തടാകത്തിലെ വെള്ളം മുഴുവൻ വറ്റിച്ചു നോക്കിയപ്പോൾ പത്ത് ടണ്ണോളം വരുന്ന മണ്ണിൽ പൊതിഞ്ഞ സ്വർണവും മരതകവും കൊണ്ട് നിർമിച്ച നിരവധി വസ്തുക്കൾ കണ്ടെടുത്തു.

പിന്നീട് നൂറ് വർഷങ്ങൾക്കു ശേഷം 1904-ൽ ഒരു ഇംഗ്ലീഷ് കമ്പനി സ്വർണ ഹെൽമെറ്റ് കണ്ടെടുത്തു. തുടർന്ന് 1968-ലാണ് ചിബ്ഷാകളുടെ ചടങ്ങിൽ ഉണ്ടായിരുന്നെന്ന് വിശ്വസിക്കപ്പെടുന്ന പട്ടാഭിഷേകവേളയിലെ അമൂല്യമായ സുവർണശിൽപം കണ്ടെത്തിയത്.

പിന്നീട് കൊളംബിയൻ സർക്കാർ തടാകത്തിൽ ഖനനം നടത്തുന്നത് സംരക്ഷണത്തിന്റെ ഭാഗമായി വിലക്കിയതോടെ നൂറ്റാണ്ടുകൾ നീണ്ടു നിന്ന കെട്ടുകഥകൾക്ക് പര്യവസാനമായി. ഇനിയും വീണ്ടെടുക്കപ്പെടാതെ എത്രയോ വലിയ നിധി ഗ്വാട്ടാവിറ്റക്കടിയിൽ കിടക്കുന്നുണ്ടാവാം.

## ടികാൽ (Tikal)

ലാറ്റിൻ അമേരിക്കൻ രാജ്യമായ ഗ്വാട്ടിമാലയുടെ പടിഞ്ഞാറുഭാഗത്തുള്ള അതിമനോഹരമായ മഴക്കാടുകൾക്കുള്ളിലായിരുന്നു ടികാൽ എന്ന അത്ഭുത നഗരം സ്ഥിതിചെയ്തത്. ലോകത്തിലെ ഏറ്റവും സവിശേഷതയാർന്ന സംസ്കാരത്തിനുടമകളായിരുന്ന മായന്മാരുടെ തലസ്ഥാന നഗരിയായിരുന്നു ടികാൽ.



ടികാലിലെ പിരമിഡ്

കല്ലു കൊണ്ട് കെട്ടിപ്പടുത്ത പടുകൂറ്റൻ കൊട്ടാരങ്ങളായിരുന്നു ടികാലിൽ നിറയെ. രാജാവും പരിവാരങ്ങളും തലസ്ഥാനനഗരിയിലെ ഈ കൊട്ടാരങ്ങളിലാണ് താമസിച്ചിരുന്നത്.

1848-ൽ മഴക്കാടുകൾക്കുള്ളിൽ പര്യവേക്ഷണം നടത്തിക്കൊണ്ടിരുന്ന ഒരുകൂട്ടം ശാസ്ത്രജ്ഞരാണ് നൂറ്റാണ്ടുകൾക്കു മുമ്പ് മണ്ണിനടിയിലായ മായൻ നഗരത്തെ വീണ്ടെടുത്തത്.

ഒരു പ്രത്യേക ചട്ടക്കൂടിലൊന്നും പെടാതെ ഏത് ആകൃതിയെന്ന് തിരിച്ചറിയപ്പെടാത്ത കെട്ടിടങ്ങളെല്ലാം നൂറ്റാണ്ടുക

എ.ഡി 300-നും 869-നുമിടയിൽ ഒരു കുടുംബത്തിലെത്തന്നെ 29 രാജാക്കന്മാർ ടികാൽ ഭരിച്ചിരുന്നു. ഒമ്പതാം നൂറ്റാണ്ടിൽ ഉണ്ടായ കഠിനമായ വരൾച്ച ടികാലിനെ തരിശുഭൂമിയാക്കി. മായൻ സംസ്കാരം അപ്രത്യക്ഷമായി. ആയിരക്കണക്കിന് വർഷങ്ങൾക്കു ശേഷം ടികാൽ കാടായി മാറി.

▸▸ ക്രൂഡ് ഓയിലിന്റെ ഉൽപാദനവും വിലയും നിയന്ത്രിക്കുന്ന ലോക സംഘടന– ഒപെക്

ളോളം കാടും മണ്ണും മൂടിക്കിടന്നു.

എ.ഡി. 600–700 കാലഘട്ടത്തിൽ നില നിന്നിരുന്ന ഏറ്റവും ശക്തമായ നഗരമായിരുന്നു ടികാൽ. വലിയ പാറക്കല്ലുകൾ വെട്ടിയെടുത്തും കല്ലും മണ്ണും ഉപയോഗിച്ചുമാണ് അവർ വലിയ പിരമിഡുകൾ, കെട്ടിടങ്ങൾ, ക്ഷേത്രങ്ങൾ, കൊട്ടാരങ്ങൾ എന്നിവ പണിതത്. കെട്ടിടങ്ങൾക്കെല്ലാം കടുംനിറത്തിലുള്ള ചായം പൂശിയിരുന്നു.

ക്ഷേത്രങ്ങളിൽ മാൻ, ടർക്കിക്കോഴി, നായ എന്നീ മൃഗങ്ങളെ ബലിനൽകിയിരുന്നു. രാജകീയമായ ചടങ്ങുകളിൽ മനുഷ്യനേയും ബലി നൽകിയിരുന്നു. അവർക്ക് കളികൾ പോലും ചടങ്ങുകളുടെ ഭാഗമായിരുന്നു. ഓരോ നഗരത്തിലും ഒരു പന്ത് കളിത്തട്ട് ഉണ്ടായിരുന്നു. ഇന്നത്തെ ബാസ്കറ്റ് ബോളിന്റെ ആദിമരൂപം.

ബോൾ കോർട്ടിൽ ഉയരത്തിൽ സ്ഥാപിച്ച കല്ലുകൊണ്ടുള്ള ഒരു വളയത്തിലേക്ക് പന്ത് വീഴ്ത്തണം. എന്നാൽ പന്ത് ഒരിക്കലും തറയിൽ തൊടാൻ പാടില്ല. രണ്ടു ടീമായി തിരിഞ്ഞ കളിക്കാരുടെ ദേഹമുപയോഗിച്ചാകണം പന്ത് കളിക്കേണ്ടത്. കളിയിൽ തോറ്റവരെ പുരോഹിതർ വധിച്ച് രക്തം ദൈവത്തിന് അർപ്പിച്ചിരുന്നു.

വിശാലവും വന്യവുമായ വനപ്രദേശം വെട്ടിത്തെളിച്ച് കൃഷി ചെയ്തു ജീവിച്ചു എന്നതാണ് അവരുടെ പ്രത്യേകത. കാർഷികവൃത്തി, കല, ആർക്കിടെക്ചർ, ഗണിതം, അക്ഷരജ്ഞാനം, ജ്യോതിശ്ശാസ്ത്രം, ഗോളശാസ്ത്രം എന്നിങ്ങനെ അവർക്കുണ്ടായിരുന്ന അറിവ് ഇന്നത്തെ തലമുറക്ക് അത്ഭുതമാണ്. ശാസ്ത്രലോകത്ത് പിന്നീട് ഉണ്ടായ കണ്ടെത്തലുകൾ പലതും മായന്മാർ ശിലകളിൽ രേഖപ്പെടുത്തി വെച്ചിരുന്നു.

ബഹിരാകാശത്തെക്കുറിച്ചു പോലും അവർക്ക് അറിവുകളുണ്ടായിരുന്നു. ടികാലിൽ നിന്ന് കണ്ടെത്തിയ ശിലകളിലൊന്നിൽ അന്യഗ്രഹജീവികളുടെ ചിത്രം കൊത്തിവെച്ചിരുന്നു.

ഇവിടെ നിന്നും ലഭിച്ച കൊത്തുപണികൾ ചെയ്ത ശിലാസ്തൂപങ്ങൾ, ശിലാമണ്ഡപങ്ങൾ എന്നിവ ഒരു അനുഷ്ഠാനകേന്ദ്രമെന്ന നിലയിൽ ടികാലിനുണ്ടായിരുന്ന പ്രാധാന്യം വെളിവാക്കുന്നു. ഇന്ന് ഗ്വാട്ടിമാലയിലെ ദേശീയ ഉദ്യാനങ്ങളിലൊന്നാണ് ടികാൽ.

## മാച്ചു പിച്ചു (Machu Picchu)

സമുദ്രനിരപ്പിൽ നിന്ന് 2350 മീറ്റർ ഉയരത്തിൽ പെറുവിലെ ആൻഡസ് പീഠഭൂമിക്ക് മുകളിൽ സ്ഥിതി ചെയ്യുന്ന പൗരാണിക നഗരം. ഇങ്കൻ സംസ്കാരത്തിന്റെ ബാക്കിപത്രം. ആധുനിക ലോകത്തെ ഏഴ് മഹാത്ഭുതങ്ങളിലൊന്ന്. അതാണ് 'ലോസ്റ്റ് സിറ്റി' അഥവാ നഷ്ടപ്പെട്ടവരുടെ നഗരം എന്ന് വിളിക്കപ്പെടുന്ന മാച്ചു പിച്ചു.


മാച്ചു പിച്ചു

▸▸ ലോക തപാൽ സംഘടനയുടെ ആസ്ഥാനം– ബേൺ (സ്വിറ്റ്സർലാൻഡ്)

വർഷം തോറും അഞ്ച് ലക്ഷം സന്ദർശകരാണ് മാച്ചു പിച്ചുവിലെത്തുന്നത്. ഇത്രയും പേരുടെ ഭാരം കാരണം മാച്ചു പിച്ചുവിന് നാശനഷ്ടം വരുമെന്നാണ് ചരിത്രകാരന്മാർ ഭയപ്പെടുന്നത്.

പിക്ച്ചു എന്നാൽ സ്പാനിഷ് ഭാഷയിൽ പർവതം എന്നാണ് അർഥം. പതിനഞ്ചാം നൂറ്റാണ്ടിൽ ഇങ്കൻ ചക്രവർത്തിയായിരുന്ന പച്ചാക്യൂട്ടെക് ആണ് മലമുകളിൽ ആരുടെയും കണ്ണിൽപ്പെടാത്ത രീതിയിൽ ഈ നഗരം പണിതുയർത്തിയത്.

എന്നാൽ ഒരു നൂറ്റാണ്ട് മാത്രമേ ഇവിടെ ഇങ്കൻ ജനതക്ക് താമസിക്കാൻ കഴിഞ്ഞുള്ളൂ.

നഗരത്തിൽ പടർന്നുപിടിച്ച വസൂരിയും ഇങ്കൻ ചക്രവർത്തി യുദ്ധത്തിൽ സ്പാനിഷുകളോട് പരാജയപ്പെട്ടതുമൂലം മാച്ചു പിച്ചു ഇങ്കന്മാരാൽ ഉപേക്ഷിക്കപ്പെട്ടു. മാച്ചു പിച്ചുവിന് ലോസ്റ്റ് സിറ്റി എന്ന് പേര് വരാൻ കാരണമിതാണ്.

എന്നാൽ മലമുകളിലെ ആ 'ഹിഡൻ സിറ്റി' യിലെത്താൻ സ്പാനിഷുകൾക്കും സാധിച്ചില്ല. ആരാലും കാണപ്പെടാതെ മാച്ചു പിച്ചു ലോകത്തിന്റെ കണ്ണിൽ നിന്ന് മറഞ്ഞു കിടന്നു.

1911-ൽ അമേരിക്കൻ പുരാവസ്തുഗവേഷകനായ ഹിറാം ബിംഗ്ഹാം (Hiram Bingham) ആണ് ഇങ്കൻ സംസ്കാരത്തിലുൾപ്പെട്ട മാച്ചു പിച്ചുവിനെ ലോകത്തിനു മുന്നിലെത്തിച്ചത്. ഇങ്കാ സാമ്രാജ്യത്തിന്റെ ഭരണസിരാകേന്ദ്രമായിരുന്നു മാച്ചു പിച്ചു.

രണ്ടു തട്ടുകളായി നിർമിച്ച മാച്ചു പിച്ചുവിന്റെ നിർമാണ രീതി ഇന്നും അത്ഭുതമാണ്. മുകളിലെ തട്ടിൽ രാജ കൊട്ടാരങ്ങൾ, രാജകീയമായ ചടങ്ങുകൾ നടത്തുന്നതിനുള്ള കെട്ടിടങ്ങൾ, കുളിപ്പുരകൾ, അമ്പലങ്ങൾ എന്നിങ്ങനെ സമൂഹത്തിലെ ഉന്നത വിഭാഗങ്ങൾക്കുവേണ്ടിയുള്ള സൗധങ്ങളും താഴത്തട്ടിൽ കർഷകർ, നെയ്ത്തുകാർ, മറ്റു ജോലിക്കാർ എന്നിങ്ങനെ തൊഴിലാളി വിഭാഗവും താമസിച്ചിരുന്നു.

മിനുസപ്പെടുത്തിയ കൂറ്റൻ കല്ലുകൾ സിമന്റോ ചാന്തോ ഇല്ലാതെ പ്രത്യേക രീതിയിൽ ചേർത്തു വെച്ചുള്ള നിർമാണ രീതി വമ്പൻ ഭൂകമ്പങ്ങളിൽനിന്നുവരെ മാച്ചു പിച്ചുവിനെ സംരക്ഷിച്ചുനിർത്തി. വാതിലുകൾക്കും ജനലുകൾക്കും നൽകിയ പ്രത്യേക തരം ആകൃതിയും താഴെ നിന്ന് മുകളിലേക്ക് ചരിച്ചു വെച്ചുള്ള നിർമാണവും ഭൂചലനങ്ങളിൽ നിന്ന് കെട്ടിടങ്ങളെ സംരക്ഷിച്ചു.

പൊതുവിൽ ഭൂകമ്പബാധിത പ്രദേശമായ പെറുവിലെ കുസ്കോയിൽ ഇരുപതാം നൂറ്റാണ്ടിൽ ഉണ്ടായ വൻ ഭൂകമ്പത്തെ അതിജീവിച്ചത് മാച്ചു പിച്ചുവിലെ ഈ കെട്ടിടങ്ങൾ മാത്രമായിരുന്നു.

ഇവിടുത്തെ പ്രധാന കെട്ടിടങ്ങൾ ഇൻതിഹോതാന, സൂര്യക്ഷേത്രം, മൂന്ന് ജനാലകളുള്ള അമ്പലം എന്നിവയാണ്. സൂര്യനെ ആരാധിച്ചിരുന്ന ഇങ്കകളുടെ ദൈവമാണ് ഇൻതി. ഇൻതിയെ പ്രതിഷ്ഠിച്ചിരുന്ന കല്ലാണ് ഇൻതിഹോതാന (Intihuatana).

സൂര്യൻ ഒരിക്കലും അപ്രത്യക്ഷമാകാതിരിക്കാൻ ഇതിനു മുകളിൽ വെച്ച് കുട്ടികളെയും മൃഗങ്ങളെയും അവർ ബലി നൽകിയിരുന്നു. ഒരു സൂര്യഘടികാരമായും (Sundial) ഇൻതിഹോതാന പ്രവർത്തിച്ചിരുന്നു. മൂന്നു ജനാലകളോടു കൂടിയ അമ്പലം ജ്യോതിശ്ശാസ്ത്രപരമായ ആവശ്യങ്ങൾക്കായുള്ളതായിരുന്നു.



*മാച്ചു പിച്ചുവിലെ ഇൻതിഹോതാന*

▸▸ കേന്ദ്ര ഏലം ഗവേഷണകേന്ദ്രം സ്ഥിതിചെയ്യുന്നത് – മയിലാടും പാറ (ഇടുക്കി)